പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5389 26.03.2018-ലെ മറുപടിക്ക്

## 'ഭൂമി മറിച്ച് വിൽക്കുന്നത് നിയന്ത്രിക്കാൻ നടപടി'

ചോദ്യം
ശ്രീ. പി.ഉബൈദുള്ള

മറുപടി
ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ചവർ ഭൂമി മറിച്ച് വിൽക്കുന്നതു നിയന്ത്രിക്കാനായി റവന്യൂവകുപ്പ് നിയമ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ചവർ ഭൂമി മറിച്ച് വിൽക്കുന്നത് നിയന്ത്രിക്കാനായി ഇളവ് ലഭിച്ച ഭൂമി മറിച്ച് വിൽക്കുന്ന സംഗതിയിൽ ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ലാ ഭൂമി ഉപയോഗിക്കുന്നതെങ്കിൽ, ടി ഭൂമി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള വ്യവസ്ഥ ഭൂപരിഷ്കരണ ആക്റ്റിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| ബി) | ഇത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടിയിരുന്നോ; എങ്കിൽ നിയമവകുപ്പിന്റെ ശിപാർശകൾ എന്തെല്ലാമായിരുന്നു? | (ബി) | നിയമനിർമ്മാണം സംബന്ധിച്ച് ഭാരതത്തിന്റെ ഭരണഘടനയിലെ 31 എ, 31 ബി അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഒരു നിയമ നിർമ്മാണം കൊണ്ടുവരുന്നതിന് നിയമ തടസ്സമില്ല എന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ